കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ്

117 (809) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് എന്ന് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) സ്ഥാപനത്തിന് ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) മെഡിക്കൽ കോളേജ് പൂർണ്ണമായും സർക്കാർ മേഖലയിലാണോ തുടങ്ങുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത് ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 2016-17 വർഷത്തെ ഒന്നാം വർഷ എം.ബി.ബി.എസ്സ്. പ്രവേശനത്തോടുകൂടി കോളേജ് യാഥാർത്ഥ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

(ബി) കാസർഗോഡ് മെഡിക്കൽ കോളേജിനുവേണ്ടി ഇതുവരെയായി 2012-13-ൽ 6.25 കോടി, 2013-14-ൽ 2.5 കോടി, 2014-15-ൽ 2.5 കോടിയുൾപ്പെടെ 11.25 കോടി രൂപ സംസ്ഥാന ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. പ്രത്യേക പാക്കേജായി ഡോ. പി. പ്രഭാകരൻ കമ്മീഷന്റെ പ്ലാൻ സ്കീം പ്രകാരം 2014-15-ൽ 25 കോടി രൂപയും അനുവദിച്ചു.

(സി) പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലാണ് മെഡിക്കൽ കോളേജ് നിലവിൽ വരുന്നത്.

(ഡി) നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ട ഏജൻസിയായി പൊതുമേഖല സ്ഥാപനമായ കിറ്റ്കോ ലിമിറ്റഡിനെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആദ്യഘട്ടമായി പദ്ധതി നിർമ്മാണ സ്ഥലത്തെ റോഡുകളും വൈദ്യുതി ലഭ്യതയും ശുദ്ധജലവിതരണ സംവിധാനവും നടപ്പാക്കുന്നു. 388 കോടി രൂപ പദ്ധതി അടങ്കലോടുകൂടിയ പ്ലാനും എസ്റ്റിമേറ്റും സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly